**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2647** **14-09-2023 - ൽ മറുപടിയ്ക്ക്**

**ഫാം തൊഴിലാളികളുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തുല്യമായ ശമ്പള സ്കെയിലിൽ സ്പാർക് വഴി വേതനം കൈപ്പറ്റുന്ന ഫാം തൊഴിലാളികളെ ധനവകുപ്പിന്റെ സർക്കാർ ജീവനക്കാരുടെ പുതുക്കിയ വർഗ്ഗീകരണ പ്രകാരം എ, ബി, സി, ഡി എന്ന ശമ്പള സ്കെയിൽ തിരിച്ചുള്ള ഗ്രൂപ്പുകളിൽ ഉൾപ്പെടുത്തുന്നതിന് തടസ്സങ്ങളുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ; | (എ) | 10.02.2021-ലെ സ.ഉ.(പി) നം. 27/2021/ധന ഉത്തരവിന്റെ പരിധിയിൽ വരുന്ന സർക്കാർ ജീവനക്കാരെയാണ് ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിൽ എ, ബി, സി, ഡി എന്ന ഗ്രൂപ്പുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഫാം തൊഴിലാളികൾ ടി ഉത്തരവ് പ്രകാരമുള്ള സർക്കാർ ജീവനക്കാർ എന്ന കാറ്റഗറിയിൽ ഉൾപ്പെടാത്തതിനാൽ ടി ജീവനക്കാരെ മേൽ പ്രകാരമുള്ള വർഗ്ഗീകരണത്തിൽ ഉൾപ്പെടുത്തുവാൻ കഴിയുകയില്ല. |
| (ബി) | ഫാം തൊഴിലാളികൾക്ക് വേതനവുമായി ബന്ധപ്പെട്ട് നൽകുന്ന ആനുകൂല്യങ്ങളായ പുതുക്കുന്ന ക്ഷാമബത്ത, അരിയറുകൾ എന്നിവ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കാമോ; | (ബി) | കൃഷി വകുപ്പിന് കീഴിലെ ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ ഉത്തരവിനോടനുബന്ധിച്ച് സർക്കാർ കാലാകാലങ്ങളായി അനുവദിക്കുന്ന പുതുക്കിയ ക്ഷാമബത്ത അരിയറുകൾ ഫാമിലെ സ്ഥിരം തൊഴിലാളികൾക്ക് വിതരണം ചെയ്ത് വരുന്നുണ്ട്. കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നിലവിൽ പരാതിയൊന്നും കൃഷി വകുപ്പിന് ലഭിച്ചിട്ടില്ല.<br><br>മൃഗസംരക്ഷണ വകുപ്പിനും ക്ഷീരവികസന വകുപ്പിനും കീഴിൽ വരുന്ന ഫാമുകളിലെ തൊഴിലാളികളുടെ വേതനവുമായി ബന്ധപ്പെട്ട് നൽകുന്ന ആനുകൂല്യങ്ങളായ പുതുക്കുന്ന ക്ഷാമബത്ത, അരിയറുകൾ എന്നിവ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സർക്കാർ ജീവനക്കാർക്കുള്ള ഇൻഷ്വറൻസ് സ്കീമുകളായ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ്, ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റൽ ഇൻഷ്വറൻസ് എന്നിവയിൽ ഫാം തൊഴിലാളികളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; കൃഷി വകുപ്പിലെ 50 വയസ്സിന് താഴെയുള്ള സ്ഥിരം തൊഴിലാളികളെ പ്രസ്തുത | (സി) | 22/02/2023 ലെ സ.ഉ.(അച്ചടി) നം.17/2023/ധന പ്രകാരം വെറ്ററിനറി സർവകലാശാല ഫാമിലെ സ്ഥിരം ജീവനക്കാരെയും, പത്തനംതിട്ട നിരണം ഡക്ക് ഫാമിലെ സ്ഥിരം തൊഴിലാളികളെയും, SLI/GIS പദ്ധതിയിൽ കർശനമായും അംഗത്വം എടുത്തിരിക്കണം എന്ന നിബന്ധനയിൽ ഇളവു നൽകി GST തുക ഒടുക്കണമെന്നുള്ള നിർദ്ദേശം |

| | | | |
|---|---|---|---|
| | പദ്ധതികളിൽ ഉൾപ്പെടുത്താവുന്നതാണെന്ന് ഇൻഷുറൻസ് ഡയറക്ടർ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | ഉൾക്കൊള്ളിച്ചുകൊണ്ട് ജീവൻ രക്ഷാ പദ്ധതിയിൽ (ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം) 2023 ഏപ്രിൽ 1 മുതൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൃഷി വകുപ്പിലെ 50 വയസ്സിന് താഴെയുള്ള സ്ഥിരം തൊഴിലാളികളെ കൂടി SLI/GIS/ ജീവൻരക്ഷാ പദ്ധതികളിൽ ഉൾപ്പെടുത്താവുന്നതാണെന്ന് 25.04.2023ലെ കെ.എസ്.ഐ.ഡി/ എസ്.എൽ.ഐ/ ജി.ഐ.എസ്/ ജി.എസ്3/റ്റി 002203368 നമ്പർ കത്ത് പ്രകാരം ഇൻഷ്വറൻസ് ഡയറക്ടർ അറിയിച്ചിരുന്നുവെങ്കിലും സർക്കാർ ഈ വിഷയത്തിൽ അനുകൂല നിലപാട് സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

'ഭരണഭാഷ-മാതൃഭാഷ'

आज़ादी का अमृत महोत्सव

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ്- ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി - 2023 വർഷത്തേക്കുള്ള പദ്ധതി പുതുക്കിയും 'ജീവൻരക്ഷാ' പദ്ധതി എന്ന പുനർനാമകരണം ചെയ്തും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (അച്ചടി) നം.17/2023/ധന** **തീയതി,തിരുവനന്തപുരം,22/02/2023**

പരാമർശം :- 1. സ.ഉ(പി) നം. 616/2010/ധന തീയതി 23/11/2010
2. സ.ഉ(പി) നം. 140/2022/ധന തീയതി 21/11/2022
3. സ.ഉ(പി) നം. 07/2023/ധന തീയതി 23/01/2023
4. 08/02/2023 തീയതിയിലെ ഇൻഷ്വറൻസ് ഡയറക്ടറുടെ ഇൻഷ/ജി.പി.എ.ഐ.എസ് /എം3/റ്റി 002208033 നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്) പരാമർശം 1 ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന 2011 വർഷം നടപ്പിലാക്കിയിട്ടുള്ളതും, സംസ്ഥാനത്തെ പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയീസ് ഉൾപ്പെടുന്ന സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/കോളേജ് സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പഞ്ചായത്ത് മുൻസിപ്പൽ കോമൺ സർവ്വീസ് എന്നിവിടങ്ങളിലെ ജീവനക്കാർ, മുൻസിപ്പൽ കോമൺ സർവ്വീസിലെ കണ്ടിജന്റ് ജീവനക്കാർ, സർവ്വകലാശാല ജീവനക്കാർ, എസ്.എൽ.ആർ വിഭാഗം ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ/സഹകരണ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്കെല്ലാം ബാധകമാക്കിയിട്ടുള്ളതുമാണ്. പരാമർശം 2 പ്രകാരം ടി പദ്ധതി 2023 വർഷത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. സർക്കാർ ജീവനക്കാർ 500/-രൂപ, സ്വയം ഭരണ സ്ഥാപനങ്ങളായ സർവ്വകലാശാല/പൊതുമേഖലാ/സഹകരണസ്ഥാപനങ്ങളിലെ ജീവനക്കാർ / എസ്.എൽ.ആർ വിഭാഗം ജീവനക്കാർ 500 രൂപ +GST, കെ.എസ്.ആർ.ടി.സി ജീവനക്കാർ 600/- രൂപ + GST,കെ.എസ്.ഇ.ബി ജീവനക്കാർ 850/-രൂപ + GST എന്ന ക്രമത്തിലാണ് വാർഷിക പ്രീമിയം നിശ്ചയിച്ചിട്ടുള്ളത് . ജി.എസ്.റ്റി ബാധകമായ സ്ഥാപനങ്ങൾ ആയത് നേരിട്ട് ഒടുക്ക വരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വാഗ്ദത്ത തുക 10 ലക്ഷം രൂപ ആയിരുന്നു. കൂടാതെ സംസ്ഥാനത്തെ ഇൻഡ്യാ റിസർവ് ബറ്റാലിയൻ കമാന്റോകൾക്ക് കമാൻഡോ ഓപ്പറേഷൻ ഡ്യൂട്ടിക്കിടയിൽ സംഭവിക്കുന്ന അപകടമരണങ്ങൾക്കും , കോസ്റ്റൽ പോലീസ് ജീവനക്കാർക്ക് ഡ്യൂട്ടിക്കിടയിൽ സംഭവിക്കുന്ന അപകടമരണങ്ങൾക്കും വാഗ്ദത്ത തുക 20 ലക്ഷം രൂപയായും മറ്റ് രീതിയിൽ സംഭവിക്കുന്ന അപകടമരണങ്ങൾക്ക് വാഗ്ദത്ത തുക 10 ലക്ഷം രൂപയായും നിജപ്പെടുത്തിയിരുന്നു. ഈ വിഭാഗം ജീവനക്കാരുടെ വാർഷിക പ്രീമിയം 800 /-രൂപയാണ് .

നിലവിലുള്ള ജി.പി.എ.ഐ.എസ്. പദ്ധതി പരിഷ്കരിച്ച് അപകടം മൂലമുള്ള മരണത്തിന്റെ പരിരക്ഷ 10 ലക്ഷം രൂപയിൽ നിന്നും 15 ലക്ഷം രൂപയായി വർദ്ധിപ്പിച്ചും അപകടം അല്ലാതെയുള്ള എല്ലാ മരണങ്ങൾക്കും 5 ലക്ഷം രൂപയുടെ പരിരക്ഷ ഉറപ്പുവരുത്തിയും ജീവൻരക്ഷ പദ്ധതി എന്ന് പുനർനാമകരണം ചെയ്ത് 01/04/2023 മുതൽ നടപ്പിലാക്കുമെന്ന് ബഹു.ധനകാര്യ വകുപ്പ് മന്ത്രി 2023- 24 ലെ ബജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ പരാമർശം 4 പ്രകാരം പുതുക്കിയ ശിപാർശ സമർപ്പിച്ചിരുന്നു . കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് 01.04.2023 മുതൽ നിലവിലുള്ള ജി.പി.എ.ഐ.എസ്. പദ്ധതി പുതുക്കിയും **"ജീവൻ രക്ഷാ പദ്ധതി"** എന്ന് പുനർനാമകാരണം ചെയ്തും ഉത്തരവാകുന്നു.

1. അപകടം കാരണമുള്ള മരണത്തിന്റെ പരിരക്ഷ നിലവിലുള്ള 10 ലക്ഷം രൂപയിൽ നിന്നും 15 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നു. അപകടം അല്ലാതെയുള്ള മറ്റെല്ലാ മരണങ്ങൾക്കും 5 ലക്ഷം രൂപയുടെ പരിരക്ഷ ഉറപ്പ് വരുത്തുന്നു

2. പുതിയ പദ്ധതിയുടെ പ്രീമിയം 500/-ൽ നിന്നും 1,000/- രൂപയായി വർദ്ധിപ്പിക്കുന്നു.

3. 01/04/2023 മുതലുള്ള ക്ലെയിമുകൾക്കു മാത്രമായിരിക്കും ജീവൻ രക്ഷാ പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. 01/01/2023 മുതൽ 31/03/2023 വരെയുണ്ടാകുന്ന അപകടങ്ങളുടെ ക്ലെയിമുകൾക്കു 21/11/2022 ലെ സ.ഉ(അച്ചടി) നം.140/2022/ധന ഉത്തരവ് പ്രകാരമുള്ള ജി.പി.എ.ഐ.എസ് ഇൻഷ്വറൻസ് പരിരക്ഷ മാത്രമേ ലഭിക്കു.

4. പരാമർശം 2, 3 ഉത്തരവ് പ്രകാരം പ്രീമിയം തുക ഇതിനകം ഒടുക്കി നിലവിലുള്ള പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള അർഹരായ ജീവനക്കാർ, ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള (9 മാസം ) മാസങ്ങളിലെ ആനുപാതിക പ്രീമിയം തുക കൂടി ഒടുക്കേണ്ടതാണ്. നിലവിലെ ചട്ടങ്ങളുടെ/ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പദ്ധതിയിൽ ചേരാൻ യോഗ്യരായ ജീവനക്കാരുടെ വാർഷിക പ്രീമിയം തുക താഴെ പറയും പ്രകാരം നിജപ്പെടുത്തുന്നു.

| ക്രമ നമ്പർ | സ്ഥാപനങ്ങളുടെ വിവരം | നിലവിലെ ജി .പി .എ.ഐ.എസ് പ്രീമിയം (ജനുവരി മുതൽ ഡിസംബർ വരെ ) | ജീവൻരക്ഷാ പദ്ധതി പ്രീമിയം (ഏപ്രിൽ മുതൽ ഡിസംബർ വരെ ) | അധികമായി ഒടുക്കേണ്ട തുക (ഏപ്രിൽ മുതൽ ഡിസംബർ വരെ ) |
|---|---|---|---|---|
| 1. | സർക്കാർ ജീവനക്കാർ | ₹ 500/- | ₹ 875/- | ₹ 375/- |

| | | | | |
|---|---|---|---|---|
| 2 | സ്വയം ഭരണ സ്ഥാപനങ്ങൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ / സഹകരണ സ്ഥാപനങ്ങൾ / സർവ്വകലാശാല ജീവനക്കാർ /എസ് എൽ ആർ ജീവനക്കാർ തുടങ്ങിയവർ | ₹ 500/–+ ജി .എസ്.ടി | ₹ 875/–+ജി .എസ്.ടി | ₹ 375/–+ജി .എസ്.ടി |
| 3 | കെ .എസ്.ആർ.ടി.സി | ₹ 600/–+ജി .എസ്.ടി | ₹ 875/–+ജി .എസ്.ടി | ₹ 275/–ജി .എസ്.ടി |
| 4 | കെ .എസ്.ഇ.ബി | ₹ 850/–+ജി .എസ്.ടി | ₹ 875/–+ജി .എസ്.ടി | ₹ 25/– |
| 5 | റിസർവ്വ് ബറ്റാലിയൻ കമാന്റോസ് / കോസ്റ്റൽ പോലീസ് ജീവനക്കാർ | ₹ 800/– | ₹ 875/– | ₹ 75/– |

5. ജി.എസ്.ടി ബാധകമായിട്ടുള്ള സ്ഥാപനങ്ങൾ അധികമായി ഒടുക്കുന്ന പ്രീമിയം തുകയ്ക്കുള്ള ജി .എസ്.ടി. അതാത് ഓഫീസ് വഴി ഒടുക്കേണ്ടതാണ്

6. "ജീവൻരക്ഷാ" പദ്ധതി പ്രകാരമുള്ള 15 ലക്ഷം രൂപക്കുള്ള അപകട പരിരക്ഷ ലഭിക്കുന്നതിനായി സമർപ്പിക്കുന്ന ക്ലെയിമുകളിൽ ആത്മഹത്യ കേസുകൾക്കും മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെ ഉപയോഗത്താലുണ്ടാകുന്ന അപകടമരണങ്ങൾക്കും നിയമം തെറ്റിച്ചുണ്ടാകുന്ന അപകടമരണങ്ങൾക്കും പരിരക്ഷ ലഭിക്കുന്നതല്ല. പ്രസ്തുത മരണങ്ങൾക്ക് സമാശ്വാസ തുകയായ 5 ലക്ഷം രൂപയക്ക് മാത്രമേ അർഹതയുള്ളൂ .

7. ജീവൻ രക്ഷാ പദ്ധതിയിൽ അംഗത്വം ലഭ്യമാക്കുന്നതിന് കോ ഓപ്പറേറ്റീവ് സൊസൈറ്റി,എയ്ഡഡ് സ്ഥാപനങ്ങൾ , പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ SLI, GIS പദ്ധതികളിൽ അംഗത്വം നിർബന്ധമായും എടുത്തിരിക്കേണ്ടതാണ്. എന്നാൽ SLR വിഭാഗം ജീവനക്കാർക്കും സർക്കാർ സർവീസിലുള്ള പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്കും SLI, GIS അംഗത്വമില്ലെങ്കിലും ജീവൻ രക്ഷാ പദ്ധതിയിൽ അംഗത്വത്തിന് അർഹതയുണ്ടായിരിക്കും.

8. KSR XII A ( leave for taking up employment abroad ) KSR XII C (leave for joining spouse) പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരിക്കുന്നവർക്ക് ഈ പദ്ധതിയിൽ അംഗങ്ങളാകാൻ കഴിയില്ല.

9. പത്തനംതിട്ട നിരണം ഡക്ക് ഫാമിലെ സ്ഥിരം തൊഴിലാളികൾ , വെറ്ററിനറി സർവകലാശാല ഫാമിലെ സ്ഥിരം ജീവനക്കാർ , സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന നിക്ഷേപ / വായ്പ്പാ പിരിവുകാരെയും അപ്രൈസർമാരേയും GIS, SLI പദ്ധതിയിൽ കർശനമായും അംഗത്വം എടുത്തിരിക്കണമെന്ന നിബന്ധനയിൽ ഇളവ് നൽകി 875/-രൂപ പ്രീമിയത്തിനൊപ്പം GST തുകയും ഒടുക്കണമെന്നുള്ള നിർദ്ദേശം ഉൾക്കൊള്ളിച്ചുകൊണ്ട് 2023 ഏപ്രിൽ 1 മുതൽ ജീവൻ രക്ഷാ പദ്ധതിയിൽ ഉൾപ്പെ ടുത്തുന്നു.

10. ഒരു അപകടത്താൽ ചുവടെ ചേർത്തിരിക്കുന്ന പട്ടികയിലെ ക്രമ നമ്പർ 2 മുതൽ 9 വരെ സൂചിപ്പിച്ചിട്ടുള്ള അത്യാഹിതമോ അത്യാഹിതങ്ങളോ സംഭവിക്കുകയോ അതേ അപകടത്താൽ തന്നെ ക്രമ നമ്പർ 1 ൽ സൂചിപ്പിക്കും വിധം മരണവും സംഭവിക്കുന്ന പക്ഷം ക്രമ നമ്പർ 1 പ്രകാരം അർഹതപ്പെട്ട അപകടമരണ ആനുകൂല്യം മാത്രമേ ലഭിക്കുകയുള്ളൂ.

| ജീവൻരക്ഷ - പരിരക്ഷ ആനുകൂല്യങ്ങൾ | | |
|---|---|---|
| 1 | അപകടമരണം | വാഗ്ദത്തതുകയുടെ 100% |
| 2 | 2 കൈ / 2 കാൽ /ഒരു കൈയും ഒരു കാലും / രണ്ട് കണ്ണിന്റെ കാ ഴ്ച /ഒരു കണ്ണിന്റെ കാഴ്ചയും ഒരു കൈയ്യോ കാലോ അപകടത്തിൽ നഷ്ടപ്പെട്ടാലും | വാഗ്ദത്തതുകയുടെ 100% |
| 3 | ഒരു കണ്ണിന്റെ കാഴ്ചയോ ഒരു കൈയ്യോ ഒരു കാലോ മാത്രം അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 50% |
| 4 | രണ്ട് ചെവികളുടേയും കേൾവി അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 50% |
| 5 | ഒരു ചെവിയുടെ കേൾവി അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 25% |
| 6 | ഒരു കൈപ്പത്തി /ഒരു കാൽ പാദം നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 25% |
| 7 | കൈവിരലുകൾ നഷ്ടപ്പെട്ടാൽ | ഒരു വിരലിന് 5% (വാഗ്ദത്തതുകയുടെ പരമാവധി 25%) |
| 8 | കാൽവിരലുകൾ നഷ്ടപ്പെട്ടാൽ | ഒരു വിരലിന് 2% (വാഗ്ദത്തതുകയുടെ പരമാവധി 10%) |
| 9 | സ്ഥിരമായ പൂർണ്ണ വൈകല്യം (പെർമനന്റ് ടോട്ടൽ ഡിസബിലിറ്റി) | വാഗ്ദത്തതുകയുടെ 100% |

11. മുകളിൽ സൂചിപ്പിച്ച പട്ടികയിലെ ക്ലെയിമുകൾ പരാമർശം 1 പ്രകാരമുള്ള "അത്യാഹിതം" (Accident) എന്ന നിർവചനത്തിൽ ഉൾപ്പെടുന്നതായിരിക്കണം. മൂലകാരണമായ അപകടത്തെ തുടർന്ന് ഉണ്ടാകുന്ന അനന്തരഫലങ്ങൾ അപകടമുണ്ടായ തീയതി മുതൽ 12 മാസത്തിനുള്ളിലാണ് സംഭവിക്കുന്നതെങ്കിൽ മാത്രമേ ആയത് മേൽ സൂചിപ്പിച്ച അത്യാഹിതം" (Accident) എന്ന നിർവചനത്തിൽ ഉൾപ്പെടുത്തി ഒരു സാധുവായ ക്ലെയിം ആയി പരിഗണിക്കുകയുള്ളൂ.

12. വ്യത്യസ്തമായ അപകടങ്ങളാലോ ഒരേ അപകടത്താലോ ഒന്നിലധികം ക്ലെയിമുകൾ ഉണ്ടാകുകയും പദ്ധതിപ്രകാരം വകുപ്പിന് അത്രയും നഷ്ടപരിഹാരം നൽകേണ്ടി വരുകയുമാണെങ്കിൽ അങ്ങനെ അനുവദിക്കാവുന്ന പരമാവധി നഷ്ടപരിഹാര തുക 15 ലക്ഷം രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

13. പാമ്പുകടി, പേവിഷ ബാധ കൂടാതെ കടന്നൽ, തേനീച്ച, മൃഗങ്ങൾ എന്നിവയുടെ ആക്രമണം കാരണം ഉണ്ടാകുന്ന ആകസ്മിക മരണം സംഭവിക്കുന്ന ക്ലെയിമുകളിൽ എഫ്.ഐ.ആർ. മഹസർ തുടങ്ങിയ പോലീസ് രേഖകൾ ഇല്ലെങ്കിലും അപകടം സംബന്ധിച്ച വിശ്വാസ്യയോഗ്യമായ ആശുപത്രി രേഖകളുടെ അടിസ്ഥാനത്തിൽ അപകട പരിരക്ഷയ്ക്കുള്ള ക്ലെയിം പരിഗണിക്കുന്നതാണ്.

14. സംസ്ഥാനത്തെ ഇൻഡ്യാ റിസർവ് ബറ്റാലിയൻ കമാന്റോകൾക്കും കോസ്റ്റൽ പോലീസ് ജീവനക്കാർക്കും 875/- രൂപ പ്രീമിയം നിരക്കിൽ , അപകടം മൂലമുള്ള മരണത്തിന് 15 ലക്ഷം രൂപയും , കമാന്റോ ഓപ്പറേഷൻ / ഡ്യൂട്ടിക്കിടയിൽ സംഭവിക്കുന്ന അപകട മരണങ്ങൾക്ക് 20 ലക്ഷം രൂപയും അല്ലാതെയുള്ള മരണത്തിന് സമാശ്വാസ തുക 5 ലക്ഷം രൂപയും അനുവദിക്കുന്നതാണ് . നിലവിൽ 800/- രൂപ ഒടുക്കി അംഗത്വം നേടിയിട്ടുള്ളവർക്ക് 75/- രൂപ കൂടി ഒടുക്കി പദ്ധതിയിൽ തുടരാവുന്നതാണ്.

15. ജീവൻ രക്ഷാ പദ്ധതിയുടെ പ്രീമിയം തുക 2023 ഫെബ്രുവരി മാസത്തെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത് 31/03/2023-ന് മുൻപായി **ഇൻഷുറൻസ് & പെൻഷൻ ഫണ്ടിന് കീഴിൽ '8011-00-105-89 ഗ്രൂപ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി'** എന്ന ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. ഫെബ്രുവരി മാസത്തെ ശമ്പളത്തിൽ നിന്നും കുറവ് ചെയ്ത് ട്രഷറിയിൽ ഒടുക്കാൻ കഴിയാത്ത ജീവനക്കാർ പ്രസ്തുത പ്രീമിയം തുക 8011-00-105-89 എന്ന ശീർഷകത്തിൽ നേരിട്ട് ട്രഷറിയിൽ ഒടുക്കേണ്ടതാണ് . ശൂന്യവേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിലുള്ളവർ, മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ, പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്ത ജീവനക്കാർ എന്നിവർ പ്രസ്തുത തുക നേരിട്ട് 31/03/2023-ന് മുൻപായി 8011-00-105-89 എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

16. ശൂന്യവേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിലുള്ളവർ, മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ, പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നീ ജീവനക്കാർ ഒഴികെയുള്ള മറ്റ് ജീവനക്കാരുടെ ഇൻഷുറൻസ് പ്രീമിയം യഥാസമയം ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നതു മൂലമുണ്ടാകുന്ന ബാദ്ധ്യത ബന്ധപ്പെട്ട ഡ്രോയിംഗ്

ആന്റ് ഡിസ്ബേഴ്സിംഗ് ഉദ്യോഗസ്ഥർ/സെൽഫ് ഡ്രോയിംഗ് ഉദ്യോഗസ്ഥർ/ചെക്ക് ഇഷ്യൂയിംഗ് ഉദ്യോഗസ്ഥർ/ജീവനക്കാരുടെ ശമ്പളം പിൻവലിക്കുവാനും നൽകുവാനും അധികാരപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ എന്നിവരുടെ മേൽ വ്യക്തിപരമായി നിക്ഷിപ്തമാണ്.

17. നിലവിൽ നോമിനേഷൻ സമർപ്പിച്ചിട്ടില്ലാത്തവർ പുതുക്കിയ പദ്ധതി പ്രകാരമുള്ള പുതിയ നോമിനേഷൻ സമർപ്പിക്കേണ്ടതാണ്. പരിഷ്കരിച്ച ഫോറങ്ങൾ ഇൻഷ്വറൻസ് വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. 2022 ഡിസംബർ 31-ന് മുൻപ് സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളതും നാളിതുവരെ പദ്ധതിയിൽ അംഗങ്ങളായിട്ടില്ലാത്തതുമായ അർഹരായ ജീവനക്കാർ ആകെ പ്രീമിയം തുകയായ 875/- രൂപ ഒടുക്കി പദ്ധതിയിൽ അംഗത്വം നേടേണ്ടതാണ്. 31/12/2022 ന ശേഷം സർവ്വീസിൽ പ്രവേശിച്ച പുതിയ ജീവനക്കാർക്ക് ഈ ഉത്തരവ് ബാധകമല്ല . 31/3/2023 വരെ പുതുക്കിയ പ്രീമിയം തുക സ്വീകരിക്കുന്നതിനുള്ള നടപടികൾ ട്രഷറി വകുപ്പും , സ്പാർക്കും സ്വീകരിക്കേണ്ടതാണ്. ജി.പി.എ.ഐ.എസ് പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ മറ്റെല്ലാ വ്യവസ്ഥകളും മാറ്റമില്ലാതെ ജീവൻ രക്ഷാ പദ്ധതിയിൽ തുടരുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**സഞ്ജയ്.എം.കൗൾ**

**ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി**

**പകർപ്പ്**

അക്കൗണ്ടന്റ് ജനറൽ (എ&ഇ )കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരളം, തിരുവനന്തപുരം

എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസർമാർക്കും

എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും തലവൻമാർക്കും

എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും തലവൻമാർക്കും

എല്ലാ സ്വയം ഭരണ സ്ഥാപനങ്ങളുടെയും മറ്റ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും തലവൻമാർക്കും

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

വ്യവസായ വകുപ്പ് (അവരുടെ അധികാര പരിധിയിൽ വരുന്ന അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകേണ്ടതാണ്)

ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.

രജിസ്ട്രാർ, ബഹു.കേരള ഹൈക്കോടതി, എറണാകുളം.

എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.

രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല മണ്ണുത്തി, തൃശ്ശൂർ.

രജിസ്ട്രാർ, സഹകരണ സംഘം സൊസൈറ്റികൾ, തിരുവനന്തപുരം.(എല്ലാ സഹകരണ സ്ഥാപനങ്ങളും ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകേണ്ടതാണ്.)

സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം.

സർക്കാരിന്റെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ എന്നിവർക്കും.

നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.

ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.

സെക്രട്ടറി, മനുഷ്യവകാശ കമ്മീഷൻ, തിരുവനന്തപുരം.

മുഖ്യമന്ത്രിയുടെയും, മറ്റ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.

ചെയർമാൻ, ഭരണപരിഷ്കാര കമ്മീഷൻ.

മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം, തിരുവനന്തപുരം.

സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ.

വെബ്&ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.

നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in

സ്പാർക്ക്, പി.എം.യു - Ist ഫ്ലോർ, ഡി.പി.സി ബിൽഡിംഗ്, കേരള യൂണിവേഴ്സിറ്റി ക്യാമ്പസ്, പാളയം, തിരുവനന്തപുരം-695034

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(E.2348439)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ